**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5280** **05-07-2024 - ൽ മറുപടിയ്ക്ക്**

**നെൽകർഷകർക്കായി പ്രത്യേക കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നെൽകർഷകരെ സഹായിക്കാനും നെൽകൃ ഷിയുടെ വികസനത്തിനുമായി നിരവധി പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതി യായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സുസ്ഥിരനെൽകൃഷി വികസന പദ്ധതി പ്രകാരം കൃഷിക്ക് ആവശ്യമായ അത്യുൽപാദന ശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ എന്ന നിരക്കിൽ സഹായം കർഷകന് നൽകുന്നു. ഈ പ്രധാന ഘടകം കൂടാതെ നെൽകൃഷിയിൽ കുമ്മായ പ്രയോഗത്തിനുള്ള സഹായം, നെൽ വയൽ ഉടമകൾക്ക് റോയൽറ്റി, നെൽ കൃഷിക്ക് ഉൽപാദന ബോണസ്, നെൽകൃഷി വിസ്തൃതി വർദ്ധന പരിപാടികൾക്കുള്ള പ്രോത്സാഹനം, രജിസ്റ്റേർഡ് വിത്തുല്പാദന പരിപാടി, കോൾ നിലങ്ങളെ കൃഷി പ്രോത്സാഹനത്തിനായി ഓപ്പറേഷൻ ഡബിൾ കോൾ, പാടശേഖര സമിതികൾക്കും നെൽ വികസന ഏജൻസികൾക്കുമുള്ള സഹായം, പ്രോജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക്തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നെൽ കൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം, എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്' (RIDF) എന്ന പദ്ധതിയിലൂടെ സഹായം നൽകുന്നു.<br><br>സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് പമ്പിംഗ് സബ്സിഡി നൽകി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്.<br><br>കേരളത്തിൽ പ്രളയാനന്തര കാർഷിക മേഖല പുനരുദ്ധാരണ പദ്ധതിയിൽ (റീബിൾഡ് കേരള ഇനിഷിയേറ്റീവ്, RKI) ഉൾപ്പെടുത്തി നെൽകൃഷിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും യന്ത്രവല്ക്കരണത്തിനും വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളായ 'നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ (NFSM)', 'രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)' എന്നീ പദ്ധതികളും നെൽ കർഷകർക്കും പ്രോൽസാഹനം നൽകുന്നു.<br><br>കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകോ വഴി സംഭരിക്കുന്നതിന് നെല്ല് സംഭരണത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നു.<br><br>കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾക്ക് സഹായം നൽകുന്നതിനായി കാർഷിക സൗജന്യ വൈദ്യുതി പദ്ധതി നടപ്പിലാക്കുന്നു.<br><br>വിളനാശം നേരിടുന്ന കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസം, സംസ്ഥാന വിള ഇൻഷ്വറൻസ്, കേന്ദ്ര-സംസ്ഥാന പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.<br><br>മേൽ പറഞ്ഞ പദ്ധതികളെല്ലാം നെൽകൃഷി മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളാണ്. |
| (ബി) | നെല്ല് ഉൾപ്പെടെയുള്ള കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്ക് പുതിയ ഒരു ബൃഹത്പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നെല്ല് ഉൾപ്പെടെയുള്ള എല്ലാ കാർഷിക വിളകളുടെയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയടക്കമുള്ള സമഗ്ര പുരോഗതിക്ക് 'കൃഷി സമൃദ്ധി' പദ്ധതി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ